**KERALA HEALTH RESEARCH AND WELFARE SOCIETY**
(An Institution fully owned by the Government of Kerala)

Regional Manager
Medical College Campus
Gandhi Nagar
Kottayam– 686008

Telephone: 0481-2597723
Email: rmkottayam12@gmail.com

No: RM/KTM/VEHICLE/24-25

06.06.2024

## <u>ക്വട്ടേഷൻ നോട്ടീസ്</u>

### <u>വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള ക്വട്ടേഷൻ പരസ്യം</u>

കെ.എച്ച്.ആർ.ഡബ്ള്യു.എസ്-ന്റെ കോട്ടയം റീജിയണൽ ഓഫിസിലെ ഉപയോഗത്തിനായി 5 സീറ്റിൽ കുറയാതെയുള്ള എയർ കണ്ടീഷൻഡ് കാർ വാടകയ്ക്ക് നൽകുന്നതിന് താല്പര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷൻ 18.06.2024 3.00 പി.എം വരെ സ്വീകരിക്കുന്നതാണ്. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ കോട്ടയം മെഡിക്കൽ കോളേജിലെ KHRWS റീജിയണൽ ഓഫിസിൽ നിന്നും അറിയാവുന്നതാണ്.

OFFICE OF THE REGIONAL MANAGER * KERALA HEALTH RESEARCH AND WELFARE SOCIETY * KOTTAYAM - 686 008 DATE:

റീജിയണൽ മാനേജർ

# KERALA HEALTH RESEARCH AND WELFARE SOCIETY

(An Institution fully owned by the Government of Kerala)

Regional Manager
Medical College Campus
Gandhi Nagar
Kottayam– 686008

Telephone: 0481-2597723
Email: rmkottayam12@gmail.com

**കെ.എച്ച്.ആർ.ഡബ്ള്യൂ.എസ്. കോട്ടയം റീജിയണൽ ഓഫീസിലേക്ക് വാടകയ്ക്ക് വാഹനം നൽകുന്നതിനുള്ള ക്വട്ടേഷൻ നിബന്ധനകൾ**

1. വാഹനം എപ്പോഴും നല്ല കണ്ടീഷൻ ആയിരിക്കണം .
2. വാഹനം ഓടിക്കുന്ന ഡ്രൈവർ LMV വാഹനം ഓടിച്ചു കുറഞ്ഞത് 5 വർഷത്തെ പരിചയമുണ്ടായിരിക്കണം.
3. വാഹന ഉടമ വാഹനത്തിന്റെ എല്ലാ രേഖകളുടെയും പകർപ്പ് സാക്ഷ്യപ്പെടുത്തി ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. കെ.എച്ച്.ആർ.ഡബ്ള്യൂ.എസ് റീജിയണൽ മാനേജർ ആവശ്യപ്പെടുമ്പോൾ വാഹനത്തിൻറെ പ്രഥമ രേഖകൾ ഹാജരാക്കേണ്ടതാണ്.
4. ഡ്രൈവർക്ക് ലൈസൻസ്, സ്ഥിരമായ മേൽവിലാസം, മൊബൈൽ ഫോൺ എന്നിവ ഉണ്ടായിരിക്കണം .
5. കുറഞ്ഞത് 5 സീറ്റുള്ള എ.സി വാഹനമായിരിക്കണം . വാഹനത്തിൻറെ ഇന്ധനം, അറ്റകുറ്റപ്പണികൾ, ഡ്രൈവറുടെ വേതനം എന്നിവ കരാറു കാരൻ വഹിക്കേണ്ടതാണ്.
6. കെ.എച്ച്.ആർ.ഡബ്ള്യൂ.എസ് റീജിയണൽ മാനേജർ ആവശ്യപ്പെടുമ്പോൾ എല്ലാം ( അവധി ദിവസങ്ങൾ ഉൾപ്പെടെ രാത്രിയും പകലും ) വാഹനം ലഭ്യമാക്കേണ്ടതാണ്.
7. എന്തെങ്കിലും കാരണത്താൽ സ്ഥിര വാഹനത്തിനു ഓടാൻ തടസമുണ്ടെങ്കിൽ പകരം വാഹനം ലഭ്യമാക്കേണ്ടതാണ്.
8. തിരഞ്ഞെടുക്കപ്പെടുന്ന വാഹന ഉടമ 200 രൂപ മുദ്ര പത്രത്തിൽ കെ.എച്ച്.ആർ.ഡബ്ള്യൂ.എസ്-ന്റെ റീജിയണൽ മാനേജരുമായി കരാർ ഉടമ്പടി ചമക്കേണ്ടതാണ്.
9. വാഹനങ്ങൾ നൽകുന്നതിൽ രണ്ടു തവണയിൽ കൂടാതെ വീഴ്ച വരുത്തുകയോ, ബില്ലിൽ കൃത്രിമം കാണിക്കുകയോ, കെ.എച്ച്.ആർ.ഡബ്ള്യൂ. എസ് ജീവനക്കാരോട് ഡ്രൈവർ മോശമായി പെരുമാറുകയോ ചെയ്താൽ യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദ് ചെയ്യുന്നതായിരിക്കും.
10. ഏതെങ്കിലും ദിവസങ്ങളിൽ ( അവധി ദിവസങ്ങൾ ഉൾപ്പെടെ )വാഹനം ലഭ്യമാക്കാത്ത സാഹചര്യത്തിൽ പകരം വാഹനം കെ.എച്ച്.ആർ.ഡബ്ള്യൂ.എസ് എടുക്കുകയാണെങ്കിൽ അതിന്റെ മുഴുവൻ ചിലവും കരാറുകാരൻ വഹിക്കേണ്ടതാണ്.
11. വാഹനത്തിൻറെ വാടക മാസത്തിൽ ഒരിക്കൽ മാത്രം നൽകുന്നതാണ്.
12. വാഹനത്തിൻറെ വാടകയിൽ നിന്നും നിയമാനുസൃത ടി.ഡി.എസ് കിഴിവ് ചെയ്യുന്നതാണ്.
13. ഓഫീസിൽ നിന്നും ലഭിക്കുന്ന ലോഗ് ബുക്കിൽ ഓരോ യാത്രയുടെയും വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും വാഹനം ഉപയോഗിച്ച വ്യക്തിയുടെ ഒപ്പ് വാങ്ങിക്കേണ്ടതുമാണ്.
14. ഓരോ ദിവസത്തെയും ലോഗ് ബുക്ക് റീജിയണൽ മാനേജരുടെ മേൽ ഒപ്പ് വാങ്ങിക്കേണ്ടതാണ് .
15. ക്വട്ടേഷൻ നിബന്ധനകളോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള ഫോറത്തിൽ തുക നൽകേണ്ടതാണ്
16. കരാർ തുടരാനും, റദ്ദാക്കാനും ഉള്ള അധികാരം റീജിയണൽ മാനേജരിൽ നിക്ഷിപ്തമായിരിക്കും.

17. പ്രതിമാസം കുറഞ്ഞ ദൂരമായ 1500 കിലോമീറ്ററിനുള്ള രൂപയും അതിനു ശേഷമുള്ള ഓരോ അധിക കിലോമീറ്ററിനും സർക്കാർ നിശ്ചയിച്ച പ്രകാരം നിരക്ക് അനുവദിക്കുന്നതാണ്.

18. കരാറുകാരന് വാഹനം നൽകാൻ എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ ഒരുമാസം മുൻപ് നോട്ടീസ് നൽകേണ്ടതാണ് .

19. ക്വട്ടേഷനോടൊപ്പം 1500/- രൂപയുടെ ഇ.എം.ഡി റീജിയണൽ മാനേജരുടെ പേരിൽ കോട്ടയം മെഡിക്കൽ കോളേജ് പരിധിയിൽ മാറുന്ന ഡിമാൻഡ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ് .

20. കരാർ ലഭിക്കുന്ന വ്യക്തി ഒരു മാസം സൂചിപ്പിച്ച തുകയുടെ 5 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റായി റീജിയണൽ മാനേജരുടെ പേരിൽ കോട്ടയം മെഡിക്കൽ കോളേജ് പരിധിയിൽ മാറുന്ന ഡിമാൻഡ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ് .

21. ക്വട്ടേഷൻ സീൽ ചെയ്ത കവറിൽ ഇനം,തീയ്യതി എന്നിവ രേഖപ്പെടുത്തി റീജിയണൽ മാനേജർ, കെ.എച്ച്.ആർ.ഡബ്ള്യു.എസ്,കോട്ടയം മെഡിക്കൽ കോളേജ് എന്ന വിലാസത്തിൽ 18.06.2024 മൂന്നു മണി വരെ കിട്ടത്തക്ക വിധത്തിൽ നേരിട്ടോ, തപാലിലോ എത്തിക്കേണ്ടതാണ്. ക്വട്ടേഷൻ അന്നേ ദിവസം 4 മണിക്ക് ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. നിശ്ചിത സമയം കഴിഞ്ഞു ലഭിക്കുന്ന ക്വട്ടേഷൻ സ്വീകരിക്കുന്നതല്ല .

ക്വട്ടേഷൻ സ്വീകരിക്കുവാനും, നിരാകരിക്കുവാനും ഉള്ള അധികാരം കെ.എച്ച്.ആർ.ഡബ്ള്യു.എസ് മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

OFFICE OF THE REGIONAL MANAGER
KOTTAYAM - 686 008
DATE: ----------
KERALA HEALTH RESEARCH AND WELFARE SOCIETY

റീജിയണൽമാനേജർ
കെ.എച്ച്.ആർ.ഡബ്ള്യു.എസ്
റീജിയണൽ ഓഫീസ് കോട്ടയം

നോട്ടീസ് ബോർഡ്
ഫയൽ